SUNDAY 13/07/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

1. ആലപ്പുഴ ജില്ലയിലെ അരൂർ പഞ്ചായത്തിൽ കൃഷിഭവന്റെ നേതൃത്വത്തിൽ വിഷരഹിത പച്ചക്കറികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഞാറ്റുവേലച്ചന്ത തുടങ്ങി. പഞ്ചായത്ത് പ്രസിഡന്റ് രാഖി ആന്റണി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഇ.ഇഷാദ് അധ്യക്ഷത വഹിച്ചു. തുടർന്ന് പച്ചക്കറിത്തൈകളും വിത്തു കളും വിതരണം ചെയ്തു.

2. എസ്. എഫ്. എ. സി കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന 'കാർഷിക വിവര സങ്കേതം കർഷക കോൾ സെൻററ്' എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കർഷകർക്ക് കൃഷി സംബന്ധമായ ഏതൊരു സംശയവും ടോൾ ഫ്രീ നമ്പറായ "1800 425 1661* മുഖേന വിളിച്ച് ചോദിക്കുകയോ രോഗകീടബാധയേറ്റ വിളയുടെ ചിത്രം വാട്സ്ആപ് നമ്പറായ "9447051661 എന്നതിലൂടെ അയച്ച് കൊടുത്ത് സംശയനിവാരണം നടത്താവുന്നതാണ്.

3. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ജൂലൈ മാസത്തിൽ വയനാട് ജില്ലയിലെ കർഷകരുടെ സിറ്റിംഗ് നടത്തും. കൽപ്പറ്റ കളക്ടേറ്റ് കോമ്പൗണ്ടിലുള്ള എ.പി.ജെ. അബ്ദുൾ കലാം മെമ്മോറിയൽ ഹാളിൽ വച്ച് ജൂലൈ 15, 16, 17 തിയതികളിൽ സിറ്റിംഗ് നടത്തും. സിറ്റിംഗിൽ ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രാവിലെ 9ന് സിറ്റിംഗ് ആരംഭിക്കും. പ്രസ്തുത തീയതികളിൽ ഹാജരാകുന്നതിനായി അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകണം.

4. കേരള കാർഷിക സർവകലാശാലയുടെ ഭാഗമായ വെള്ളായണിയിലെ കാർഷിക കോളേജ്, ആദ്യത്തെ TEDx പരിപാടി ജൂലായ് 9ാം തീയതി വിജയകരമായി സംഘടിപ്പിച്ചു. അക്കാദമിക് സമൂഹവുമായി പ്രചോദനാത്മകമായ ആശയങ്ങൾ പങ്കിടാൻ വൈവിധ്യമാർന്ന പ്രഭാഷകരെ ഒരുമിപ്പിച്ചു. രാവിലെ 9:30 ന് കാർഷിക വിപുലീകരണ വിദ്യാഭ്യാസ വകുപ്പ് മേധാവി ഡോ. അലൻ തോമസിന്റെ സ്വാഗത പ്രസംഗത്തോടെയാണ് പരിപാടി ആരംഭിച്ചത്. പ്രൊഫസറും ഡീനുമായ ഡോ. റോയ് സ്റ്റീഫൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു, കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ബി. അശോക്, IAS, ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

5. ജില്ലയിലെ എല്ലാ കർഷകരും പി എം കിസാൻ ഗുണഭോക്താക്കളും അക്ഷയ കേന്ദ്രങ്ങൾവഴി രജിസ്റ്റർ ചെയ്യണമെന്ന് കൃഷി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ആധാർ കാർഡ്, ആധാറുമായി ലിങ്ക് ചെയ്ത ബാങ്ക് പാസ് ബുക്ക്, ഫോൺ നമ്പർ, കരമടച്ച രസീത് എന്നിവ സഹിതമെത്തണം. ഫാർമർ രജിസ്ട്രിയിൽ എൻറോൾ ചെയ്യുന്ന പിഎം കിസാൻ ഗുണഭോക്താക്കൾക്ക്

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാർമർ ഐഡി ഭാവിയിൽ നൽകുമെന്നും അറിയിച്ചു. അവസാനതീയതി ജൂലായ് 31.

6. കെ.എൽ.ഡി.സി ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ധോണി ഫാം സീഡ് യൂണിറ്റിൽ നിന്നും തീറ്റപ്പുൽ വിളകളുടെ നടീൽ വസ്തുക്കൾ ലഭ്യമാണ്. സി.ഒ 5 , റെഡ് നേപ്പിയർ ,സങ്കര നേപ്പിയർ എന്നിവയ്ക്ക് 2 മുട്ടുള്ള തണ്ട് ഒന്നിന് 1 രൂപ എന്ന നിരക്കിലാണ് വില . കൂടാതെ വിത്തുകളായ ഗിനിപ്പുല്ല് ഒരു കിലോയ്ക്ക് –/475രൂപയും –/300 കോംഗോസിഗ്നൽ പുല്ല് ഒരു കിലോയ്ക്ക് ,രൂപയു മാണ് വില .വിശദ വിവരങ്ങൾക്ക് 9446004285 ,9048702812 എന്നീ ഫോൺ നമ്പറുകളിലോ kidbseed@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

7. കാർഷികസർവകലാശാലയുടെ കീഴിലുള്ള തവനൂർ കാർഷിക എഞ്ചിനീയറിങ് & ഫുഡ് ടെക്നോളജി കോളേജിലെ സുരക്ഷ ജോലികൾ ഒരു വർഷക്കാലം ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് (സെക്യൂരിറ്റി ഗാർഡ്) യോഗ്യതയുള്ള ഏജൻസികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറുകൾലഭിക്കേണ്ട അവസാന തിയതി .15.07.2025 ന് ഉച്ചയ്ക്ക് 1 മണി. വിശദ വിവരങ്ങൾ അറിയുന്നതിന് www.kau.in, kcaet.kau.in എന്നീ വെബ്സൈറ്റുകളിലോ എന്ന 2686214-0494 ഫോൺ നമ്പറിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. റബ്ബർബോർഡിന്റെ മാർക്കറ്റ് പ്രമോഷൻ ഡിവിഷനിൽ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നു. കോട്ടയത്ത് പ്രൊഫഷണലുകളെ' പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ കാമ്പസിൽ പ്രവർത്തിക്കുന്ന മാർക്കറ്റ് പ്രമോഷൻ ഡിവിഷനുമായി ബന്ധപ്പെട്ട ജോലികളിൽ സഹായിക്കുകയും പ്രകൃതിദത്ത റബ്ബറിന്റെ ഇലക്ട്രോണിക് വിപണിയായ 'എംറൂബ്' പ്രോത്സാഹിപ്പിക്കുകയും എന്നതാണ് ചെയ്യുക പ്രൊഫഷണലുകളുടെ ജോലി ഉദ്യോഗാർത്ഥികൾ മാർക്കറ്റിങ്ങിലോ അഗ്രി ബിസിനസ്സ് മാനേജ്മെന്റിലോ എംബിഎ നേടിയവരും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ അറിവുള്ളവരും ആയിരിക്കണം. മാർക്കറ്റിങ്/ വിപണനം/ മാർക്കറ്റ് ഗവേഷണം എന്നിവയിലുള്ള പ്രവൃത്തിപരിചയം അഭികാമ്യമാണ്. അപേക്ഷകരുടെ പ്രായം 2025 ആഗസ്റ്റ് ഒന്നിന് 30 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ നിശ്ചിത ഫോറത്തിൽ ഉള്ള അപേക്ഷകൾ ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിങ്), മാർക്കറ്റ് പ്രമോഷൻ ഡിവിഷൻ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ, കോട്ടയം -9 എന്ന വിലാസത്തിൽ 2025 ജൂലൈ 20 -ന് മുമ്പ് ലഭിക്കത്തക്കവിധം അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുക.

<u>പരിശീലന പരിപാടി</u>

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "പൗൾട്ടി മാനേജ്മെന്റ് (കോഴി, കാട, താറാവ് വളർത്തൽ)"എന്ന വിഷയത്തിൽ 2025 July 15 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ10 മണി മുതൽ 4 മണി വരെ) രജിസ്റ്റര് ചെയ്യാവുന്നതാണ്.

10. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ കർഷകർക്ക് പരിശീലനം നൽകുന്നു) ആട് വളർത്തൽ, (ജൂലൈ 15, രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ) പോത്ത് വളർത്തൽ (ജൂലൈ 22, രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ) കാട വളർത്തൽ, (ജൂലൈ 29, രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ) ഫോൺ: 0469 2965535.

11. ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ അഭ്യസ്തവിദ്യരായ 20നും 30നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾക്ക് അക്വാകൾച്ചർ പരിശീലനത്തിനായി അപേക്ഷ ക്ഷണിച്ചു. ബി.എസ്.സി അക്വാകൾച്ചർ അല്ലെങ്കിൽ വി. എച്ച്.എസ്.ഇ. അക്വാകൾച്ചർ വിജയകരമായി പൂർത്തീകരിച്ചവരായിരിക്കണം. മത്സ്യത്തൊഴിലാളി വിഭാഗത്തിൽപെട്ട ഉദ്യോഗാർഥികൾക്ക് മുൻഗണന ലഭിക്കും. പരിശീലനം ഫിഷറീസ് വകുപ്പിനു കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട ഫാമുകളിലും ഹാച്ചറികളിലും മറ്റ് അംഗീകൃത ട്രെയിനിംഗ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

സെന്ററുകളിലുമായിരിക്കും. 8 മാസം നീളുന്ന പരിശീലനത്തിൽ പരമാവധി 5 പേർക്ക് മാത്രമായിരിക്കും പ്രവേശനം. പരിശീലന കാലയളവിൽ ഓരോമാസവും 10,000 രൂപ സ്റ്റൈപന്റ് അനുവദിക്കും. താൽപര്യമുള്ളവർ ജൂലൈ 25-നു മുൻപായി നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്), കിഴക്കേ കടുങ്ങല്ലൂർ, യു.സി. കോളേജ് പി.ഒ, ആലുവ എന്ന വിലാസത്തിലോ nifamaluva@gmail.com എന്ന ഇ മെയിൽ വിലാസത്തിലോ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോം ഫിഷറീസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ജൂലൈ 25ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കില്ല. മുൻ വർഷങ്ങളിൽ ഈ പരിശീലനത്തിൽ പങ്കെടുത്തവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

12. **കാർഷിക നിർദേശം**

ഇഞ്ചി, മഞ്ഞൾ – തണ്ടു തുരപ്പൻ

ഇഞ്ചിയിലും മഞ്ഞളിലും തണ്ടുതുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യൂവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക ആക്രമണം കൂടുകയാണെങ്കിൽ ഡൈമെതോയെറ്റ് 2 മി.ലി 1 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

ff



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം